**No. CEE/4848/2013/KEAM-2014/TA1**

**കേരള സരക്കാര**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

**2014–ലെ പ്രൊഫഷണൽ കോഴ്സ് പ്രവേശനം–ഒന്നാം ഘട്ടം ഫീസ് അടയ്ക്കാനുള്ള തീയതി ദീർഘിപ്പിച്ചു.**

2014–ലെ മെഡിക്കൽ/എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ചവർ 03.07.2014–നു മുൻപായി അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ട തുമായ ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ അടയ്ക്കുവാൻ നിഷ്കർഷിച്ചിരുന്നു. ഒന്നാം ഘട്ടത്തിൽ ആകെ അലോട്ട്മെന്റ് ലഭിച്ച 28,604 വിദ്യാർത്ഥിക ളിൽ 15,657 പേർ മാത്രമാണ് ഇതുവരെ ഫീസ് അടച്ചിട്ടുള്ളത്. അലോട്ട്മെന്റ് ലഭിച്ചവർക്ക് ഫീസ് അടയ്ക്കാനുള്ള സൗകര്യാർത്ഥം ഫീസ് ഒടുക്കാനുള്ള അവസാന തീയതി എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ ഒഴികെയുള്ളവർക്ക് **2014 ജൂലൈ 8** വരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. നിശ്ചിത തീയതിയ്ക്കകം ഫീസ് ഒടുക്കാത്തവ രുടെ അലോട്ട്മെന്റും, ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. ഇവരെ നിലവിലുള്ള കോഴ്സു കളിലേയ്ക്കോ, കോളേജുകളിലേയ്ക്കോ പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01.07.2014